# വർണ്ണം



## ലിറ്റിൽ കൈറ്റ്സ് 2018 – 19

### എസ്. എം. എസ്. എൻ. എച്ച്. എസ്. എസ്., വൈക്കം

# LITTLE KITES 2018-19










# ആമുഖം

കൂട്ടുകാരെ,

നമ്മുടെ പൊതുവിദ്യാഭ്യാസ രംഗം ഇന്ന് മുന്നേറ്റത്തിന്റെ പാതയിലാണ്. കേവലം പാഠപുസ്തകത്തിനപ്പുറം പ്രക്രിയാബ ന്ധിതവും ശിശുകേന്ദ്രീകൃതവുമായ ഒരു വിദ്യാഭ്യാസ പ്രക്രിയ യ്ക്കാണ് ഇന്നു നാം പ്രാധാന്യം കൊടുക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് വിവരവിനിമയ സാങ്കേതിക വിദ്യയുടെ പിൻബലം അഭൂ തപൂർവ്വമായ വളർച്ചയാണ് പ്രധാനം ചെയ്തത്. പുതുതലമു റയ്ക്ക് സാങ്കേതിക വിദ്യയോടുള്ള ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്താൻ ലിറ്റിൽ കൈറ്റ്സ് എന്ന പേരിലുള്ള ഐ.റ്റി. കൂട്ടായ്മ ഉപകരിക്കുമെന്നതിൽ സംശ യമേതുമില്ല. ഗുരുകാരുണ്യത്താൽ നമ്മുടെ എല്ലാ ക്ലാസ്സുകളും സ്മാർട്ട് മുറികളാക്കാൻ സാധിച്ചിട്ടുണ്ട്. ഈ അസുലഭാവസരം ഫലപ്രദമായി പ്രയോഗിക്കാനും ഈ രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കാനും നമുക്ക് കഴിയണം. ഇതനുസരിച്ച് നമ്മുടെ ‘‘ലിറ്റിൽ കൈറ്റ്സ്’’ പ്രഥമ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കു കയാണ്.

എച്ച്.എസ് സ്റ്റാഫ്

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനായി സ്ക്കൂളുകൾ ഹൈടെക് ആക്കുകയും ക്ലാസ്സ് മുറികൾ സ്മാർട്ട് ആയി മാറുകയും ചെയ്തു. സങ്കീർണ്ണമായ സാമൂഹിക സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന ആധുനിക കാലത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിനും നൂതന ശാസ്ത്ര സാങ്കേതിക വിദ്യകൾ പരിചയപ്പെടുന്നതിനും പ്രാവീണ്യം നേടുന്നതിനുമായി വിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ചി



ട്ടുള്ള ഐ.റ്റി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. സംസ്ക്കാരത്തിന്റെ സമസ്ഥമേഖലകളെയും സമ്പുഷ്ടമാക്കിക്കൊണ്ട് ഒരു പുതിയ ഭാരതത്തിന് രൂപംകൊടുക്കാനുള്ള അനന്തസാധ്യതകളാണ് ഇത് പകർന്നു നല്കുന്നത്. ചരിത്രമുറങ്ങുന്ന ആശ്രമത്തിന്റെ മണ്ണിൽ നിന്ന് സാങ്കേതികത്തികവിന്റെ പട്ടത്തിലേറി ഈ കുരുന്നുകൾ പറക്കട്ടെ.

ഹെഡ്മിസ്ട്രസ്

പി.ആർ.ബിജി

# എഡിറ്റോറിയൽ

അനുനിമിഷം കുതിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര സാങ്കേതിക രംഗം. മനുഷ്യന് അപ്രാപ്യമെന്ന് തോന്നിയ പലതിനെയും തന്റെ കൈക്കുമ്പി ളിൽ കൊണ്ടു നടക്കുന്ന നിസാരനായ മനുഷ്യൻ. കുട്ടികളിലെ ബഹു മുഖ പ്രതിഭാ (multiple intelligence) വികാസം ലക്ഷ്യം വച്ചു കൊണ്ട് 40 കുട്ടികളടങ്ങുന്ന ഈ കൂട്ടായ്മ വിവര സാങ്കേതിക വിദ്യാ രംഗത്തെ കുട്ടികളുടെ വിജ്ഞാനം പ്രകടമാക്കുന്ന രീതിയിലുള്ളതാ ണ്. ഐ.റ്റി കൂട്ടായ്മയിലെ കുട്ടികൾ തയ്യാറാക്കിയ മാഗസിൻ എന്ന താണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. അധ്യാപകരുടെ ഇടപെട ലോടുകൂടി കുട്ടികൾ തയ്യാറാക്കി എന്നതാണ് ഇതിന്റെ പ്രത്യേകത. ഈ ചെറു സംരംഭം വിലയിരുത്തലിനായി നിങ്ങളുടെ സമക്ഷം അവ തരിപ്പിക്കുന്നു.



പ്രീതാമോൾ കെ

കൈറ്റ് മിസ്ട്രസ്



സിമി വി.എസ്

കൈറ്റ് മാസ്റ്റർ



ഷീനാമോൾ കെ.പി

എസ്.ഐ.റ്റി.സി



മഞ്ജു കെ പി

ജോ.എസ്.ഐ.റ്റി.സി

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1 | കലാലയം | അമൃത | 7–8 |
| 2 | കമ്മ്യൂണിസ്റ്റ് പച്ച | അഭിരാമി അജിത് | 10–11 |
| 3 | സമയമാണ് ഏറ്റവും വിലപ്പെട്ട ധനം | ജിയ ജാൻ റോണി | 12–14 |
| 4 | കഥ | ഹരിത ബൈജു | 15–16 |
| 5 | കാക്കയുടെ കുതന്ത്രം | അഗ്രജാമോൾ എസ് | 17–18 |
| 6 | പഴഞ്ചൊല്ലുകൾ | അനശ്വര എം | 19–20 |
| 7 | ഗ്ലോബൽ ലാംഗ്വേജ് | ജെസ്ന ജവഹർ | 21 |
| 8 | കടങ്കഥകൾ | അനശ്വര എം | 22–23 |
| 9 | കുഞ്ഞിക്കുരുവിയുടെ നന്മ | അനുപശ്രീ ബി.എ | 24–25 |
| 10 | മനസ്സിലെ നന്മനിറഞ്ഞ വേരുകൾ | ഗായത്രി പി | 26–29 |
| 11 | എന്റെ അമ്മ | കൃഷ്ണപ്രിയ റ്റി.ബി | 30 |
| 12 | ബാലനീതി നിയമം | വിൻസി ടീച്ചർ | 31–32 |
| 13 | സ്നേഹ സ്പർശം | അഭിരാമി പി.എൽ | 33 |
| 14 | സോദരാനിനക്കായ് | കീർത്തന ജെ | 34 |
| 15 | കരയുന്ന കേരളം | അഭിരാമി പി.എൻ | 35 |
| 16 | ജീവിത കഥ | സംഗീത സി എസ് | 36–37 |

# കലാലയം

കലാലായമാണെന്റെ ദേവാലയം

ഇന്നിതായീ കലാലായത്തിൻ

പടിയിറങ്ങുന്നു നാം

പിന്നോട്ടൊരു യാത്രയില്ലാതെ

വിടചൊല്ലി പിരിഞ്ഞുപോം നാളുകൾ

ഇനിയൊരു നാളും തിരികെ വരികയില്ല

ഇനിയുമാ വസന്തം പൂക്കുകയില്ല

നാമല്ല-നമ്മൾ ഒന്നിച്ചിരുന്ന കാലം

ഓർമ്മകൾ മാത്രമായ് പഴയൊരു

സുഗന്ധം മാത്രമായ്

അറിവിനായ് വന്നെനിക്കറിയാതെ കിട്ടിയീ

സൗഹൃദ മുത്തുകൾ, നന്മതൻ വീഥികൾ

പണിതുയർത്തി

നല്ലതുപദേശിച്ചിടും അധ്യാപകർ

നെഞ്ചിലെ കത്തുന്ന മിന്നലായ് മാറുന്ന

കൊല്ലപരീക്ഷകൾ

ഇടയ്ക്കടച്ചും തുറന്നും വച്ചിടാറുള്ള

ചോരത്തിളപ്പുള്ള പുസ്തകങ്ങൾ

ഓർമ്മകളെല്ലാം പാഠപുസ്തകത്തിൻ താളിൽ

പുതിയൊരേടായ് മാറിടുന്നു.

മാഞ്ഞിടുന്നു എല്ലാം- എല്ലാവരും.

ഇന്നീ കലാലയ ജീവിത വാതിൽ

പൂട്ടിപടിയിറങ്ങുന്നു നാം

ഇനിയും നഷ്ടപ്പെടാത്തൊരീ

കലാലയത്തിന്റെ

മായാത്തൊരോർമ്മകൾക്കൊപ്പം.....

അമൃത

X F


Roll No 28 VIII G
S.M.S.N.H.S.S
Vaikom

# കമ്മ്യൂണിസ്റ്റ് പച്ച

എവിടെയും വളരുന്ന കാട്ടുചെടി
മനോഹരമായ പൂക്കളില്ല.....
ഭംഗിയുള്ളൊരു രൂപമില്ല.....
പച്ചനിറമാണ് മുഴുവൻ.....
കാടെന്നു പറഞ്ഞ് വെട്ടികളയാറുണ്ട്
പലരും പലപ്പോഴുമായി
എന്നിട്ടും എന്തെ, ഇതിന്റെ പേര്
കമ്മ്യൂണിസ്റ്റ് പച്ച എന്നായി ???....
ചോദ്യത്തെക്കാൾ എളുപ്പമായി ഉത്തരം...
വളമില്ലാതെ വളരും....
ഏതു മുറവിനും മരുന്നാണ്
ഒരു തല വെട്ടിയാൽ ഇരുതലയായ് വളരും...
ഒന്നിച്ചു വളർന്നൊരു കൊട്ടയായ് നിൽക്കും
ഒരു പൂവിൽനിന്നായിരം
ചെടി പൊട്ടിമുളക്കും...
വേരിലൂടെ പലർ ജനിക്കും
വേനലിൽ ഉണങ്ങിയെന്ന് തോന്നും!
നിറം പോകും....
ഒരു തുള്ളി മഴമതി...
പച്ചപ്പ് തിരിച്ചുവരാൻ.....,,,,,
ആണ്ടിലൊരിക്കൽ ജനിക്കുന്ന ശീപോതിയല്ല...
വ്യാഴവട്ടത്തിൽ പൂക്കുന്ന കുറുഞ്ഞിയല്ല.....

കാലമെത്തി പൂക്കുന്ന അശോകമല്ല....

ഇത് പച്ചയാണ്....കമ്മ്യൂണിസ്റ്റ് പച്ച!

വേറെന്ത് പേരിടാനാണ് ഈ പോരാളിക്ക്

അഭിരാമി അജിത്

8 G

# സമയമാണ് ഏറ്റവും വിലപ്പെട്ട ധനം

സമയം മനുഷ്യന്റെ സൃഷ്ടിയല്ല, ദൈവത്തിന്റെ സൃഷ്ടിയാണ്. നാലു ഘട്ടങ്ങളായിട്ടാണ് സമയത്തെ ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നത്. ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം. ഓരോ ഘട്ടവും ഓരോ ലക്ഷ്യത്തിനുവേണ്ടി നിലകൊള്ളുന്നു എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. നല്ല ശീലങ്ങൾ നേടിയെടുക്കാൻ ബാല്യവും, നല്ല വിദ്യാഭ്യാസം നേടിയെടുക്കാൻ കൗമാരവും, നല്ല സ്വഭാവവും നല്ല ആരോഗ്യവും നല്ല സുഹൃത്തുക്കളെയും എല്ലാം നേടിയെടുക്കാൻ യൗവ്വനവും അങ്ങനെ പടിപടിയായി ജീവിതത്തിൽ മുന്നേറാനാണ് ദൈവം നമുക്ക് വേണ്ടി ഈ ഒരു ജീവിതം തന്നിരിക്കുന്നത്. ബാല്യത്തിൽ നമുക്ക് വളരെ കുറച്ച് ഉത്തരവാദിത്വങ്ങൾ മാത്രമേ പൂർത്തീകരിക്കാനായിട്ടുള്ളൂ. ബാല്യം എന്നത് കൗമാരത്തിലേക്കുള്ള ചവിട്ടുപടിയാണ്. കൗമാരം യൗവ്വനത്തിന്റെ ചവിട്ടുപടിയും യൗവ്വനം വാർദ്ധക്യത്തിന്റെയും. കൗമാരകാലത്തിൽ നമ്മുടെ ഉത്തരവാദിത്വങ്ങൾ കുറച്ചുകൂടി കൂടും ബാല്യത്തെക്കാൾ. എന്നാൽ യൗവ്വനത്തിൽ ബാല്യത്തേക്കാളും പിന്നെ കൗമാരത്തേക്കാളും അധികം ഉത്തരവാദിത്വങ്ങൾ ഉണ്ടാകും നമ്മൾ പൂർത്തീകരിക്കേണ്ടതായി. എന്നാൽ വാർദ്ധക്യം എന്നത് വിശ്രമത്തിനുള്ള സമയമാണ്. ബാല്യവും, കൗമാരവും, യൗവ്വനവും വിജയകരമായി പൂർത്തിയാക്കുന്ന വ്യക്തിക്ക് അവസാന ഘട്ടമായ വാർദ്ധക്യം സന്തോഷത്തിന്റെയും ആത്മസംതൃപ്തിയുടെയും ചാരിതാർത്ഥ്യത്തിന്റെയും കാലഘട്ടമാണ്.

ഒരിക്കൽ നഷ്ടപ്പെടുത്തിയാൽ വീണ്ടെടുക്കാൻ ആവാത്ത ധനമാണ് സമയം. നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും നമുക്ക് വിലപ്പെട്ടതാണ്.

ബാല്യത്തിൽ ചെയ്യേണ്ടതു ചെയ്യാതെ കൗമാരത്തിലും കൗമാരത്തിൽ ചെയ്യേണ്ടതു ചെയ്യാതെ യൗവ്വനത്തിലും, യൗവ്വനത്തിൽ ചെയ്യേണ്ടതു ചെയ്യാതെ വാർദ്ധക്യത്തിലും ചെന്നെത്തുന്ന അസംഖ്യം ആളുകൾ നമ്മുടെ സമൂഹത്തിൽ ഉണ്ട്. സമയം വെറുതെ കളയുന്ന ഒരാൾക്ക് ഒരിക്കലും വാർദ്ധക്യത്തിൽ സന്തുഷ്ടനായി ജീവിക്കാൻ പറ്റില്ല. ജീവിതത്തിന്റെ അവസാന ഘട്ടമെത്തുമ്പോഴെ നമ്മൾ സമയത്തിന്റെ വില മനസ്സിലാക്കുകയുള്ളൂ. സമയത്തിന്റെ വില അറിഞ്ഞ് പ്രവർത്തിക്കാൻ ഇന്നത്തെ കാലത്ത് ആരും തന്നെ തയ്യാറല്ല. എങ്കിൽ അവർ അവസാനകാലത്ത് ദു:ഖിക്കും. സമയം എന്താണ് എന്നറിഞ്ഞ് പ്രവർത്തിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. സമയത്തെ വിവേകപൂർവ്വം ഉപയോഗിക്കുമ്പോൾ മാത്രമാണ് സമയം ധനമായി മാറുന്നത്.

നമ്മുടെയെല്ലാം ആരാധ്യപുരുഷനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1931 മുതൽ 1933 വരെ, രണ്ടു വർഷവും 1942 മുതൽ 1945 വരെ തുടർച്ചയായി മൂന്നു വർഷവും ജയിൽ ശിക്ഷ അനുഭവിച്ച് ഏകാന്ത ജീവിതം നയിച്ച ആളാണ്.

ജയിലിൽ ആയിരുന്നപ്പോഴും അദ്ദേഹം തന്റെ സമയം വെറുതെ പാഴാക്കിയില്ല.പുസ്തക രചനയിൽ ഏർപ്പെട്ട അദ്ദേഹം മനോഹരങ്ങളായ രണ്ടു പുസ്തകങ്ങളാണ് ലോകത്തിനു സമ്മാനിച്ചത്. " Glimpses of world History, Discovery'' സമയം നഷ്ടപ്പെടുത്താതെ ജീവിക്കണമെങ്കിൽ സ്കൂളിലെ പോലെ ജീവിതത്തിലും വേണം ഒരു ടൈംടേബിൾ. നമ്മൾ കുട്ടികൾക്ക് ഇനിയും കിടക്കുകയാണ് ജീവിതം. ആ ജീവിതം ആസ്വദിക്കണം എങ്കിൽ നമ്മൾ ഒരു നിമിഷം പോലും പാഴാക്കാതെ കഷ്ടപ്പെടണം. ഒടുവിൽ നമ്മൾ ഒരു വിജയത്തിലെത്തും. ഇടയ്ക്ക് നമുക്ക് തോൽവികൾ ഉണ്ടായി എന്നിരിക്കും. എന്നാൽ ആ തോൽവിയെ മറികടന്ന്

വേണം വിജയിക്കാൻ. തോററു എന്നു കരുതി പിന്മാറാനല്ല, അവസാനിപ്പിക്കാൻ അല്ല നമുക്ക് ദൈവം ഈ ഒരു ജീവിതം സമ്മാനിച്ചത്. എവിടെയാണോ നമ്മൾ തോറ്റത് അവിടെ നമ്മൾ വിജയിക്കണം.

ജിയ ജാൻ റോണി

VIII G

# കഥ

ഒരിക്കൽ ഒരു മലയുടെ താഴ്‌വാരത്തുള്ള ഒരു കുറ്റിക്കാട്ടിൽ രണ്ട് ചങ്ങാതിമാർപാർത്തിരുന്നു. ഒരു പരുന്തും, ഒരു കോഴിയും, പരുന്തമ്മയെന്നും കോഴിയമ്മയെന്നുമാണ് അവർ പരസ്പരം വിളിച്ചിരുന്നത്. പരുന്തപ്പന് ഒരുപറ്റം പരുന്തു കുഞ്ഞുങ്ങളും , കോഴിയമ്മയ്ക്ക് അത്രയും തന്നെ കോഴിക്കുഞ്ഞുങ്ങളുമുണ്ടായിരുന്നു. കാടിന്റെ നടുവിലുള്ള ഒരു വലിയ മരത്തിന്റെ ചുവട്ടിലാണ് കോഴിയമ്മ കൂടുകൂട്ടി പാർത്തിരുന്നത്. എന്നാൽ പരുന്തമ്മയോ, അതേ മരത്തിന്റെ മുകളിൽ കൂടുകൂട്ടിയാണ് പാർത്തിരുന്നത്. എല്ലാ ദിവസവും പരുന്തമ്മ തന്റെ മക്കളെയും കൂട്ടി താഴേക്ക് പറന്നിറങ്ങും. പരുന്തും കുഞ്ഞുങ്ങളും കോഴിക്കുഞ്ഞുങ്ങളും കുറ്റിച്ചെടികൾക്കിടയിൽ കളിച്ചുല്ലസിക്കുമ്പോൾ പരുന്തമ്മയും കോഴിയമ്മയും വീട്ടുകാര്യങ്ങൾ പറഞ്ഞ് മരച്ചുവട്ടിലിരിക്കും. ദിവസങ്ങൾ കടന്നുപോയി. ഒരു ദിവസം പതിവുപോലെ മക്കൾക്ക് തീറ്റ തേടി ആകാശത്തുകൂടി പറന്നു, പറന്നു പോയ പരുന്തമ്മ താഴെയെന്തോ തിളങ്ങുന്നത് കണ്ടു. അതെന്താണെന്നറിയാൻ അവൾ താഴേക്ക് പറന്നിറങ്ങി.

അറ്റം കൂർത്തിരിക്കുന്ന ഒരു പൊൻസൂചിയായിരുന്നു അത്. അവൾ സന്തോഷത്തോടെ അത് കൊത്തിയെടുത്ത് തന്റെ കൂട്ടിൽ ഭദ്രമായി സൂക്ഷിച്ചു വച്ചു. പൊൻസൂചിയുടെ തിളക്കം കൂടാകെ നിറഞ്ഞു നിന്നു. കാലം കടന്നുപോയി. ഒരു ദിവസം പരുന്തമ്മയ്ക്ക് തന്റെ മക്കളെയും കൂട്ടി ഒരു വിരുന്നിനുപോകേണ്ടി വന്നു. പരുന്തമ്മ തന്റെ പൊൻസൂചി കോഴിയമ്മയെ ഏൽപ്പിച്ചു. കോഴി

യമ്മ അത് സന്തോഷത്തോടെ ഏറ്റുവാങ്ങി തന്റെ കൂട്ടിൽ ഭദ്രമായ് വച്ചു.

മൂന്നുനാൾ കഴിഞ്ഞു പരുന്തമ്മയും മക്കളും തിരികെയെത്തി. കൈയ്യോടെ പൊൻസൂചി കോഴിയമ്മയോട് ചോദിച്ചു. കോഴിയമ്മ പൊൻസൂചിയെടുക്കാൻ കൂട്ടിലേക്കു ചെന്നതും ഞെട്ടിപ്പോയി. എന്താ, പൊൻസൂചി കാണാനില്ല. തന്റെ കണ്ണുവെട്ടിച്ച് ആരോ അത് എടുത്തുകൊണ്ടുപോയി. അവൾ സങ്കടത്തോടെ പരുന്തമ്മ യോട് പറഞ്ഞു. ചങ്ങാതി നീ എന്നോടു ക്ഷമിക്കണം. നീ എന്നെ ഏൽപ്പിച്ച പൊൻസൂചി കൈമോശം വന്നിരിക്കുന്നു. പരുന്ത മ്മയ്ക്ക് ദേഷ്യം വന്നു. അവൾ കോപം കൊണ്ട് വിറച്ചു. ‘‘ പെരും കള്ളി’’ നീ അതെടുത്തതാണെന്ന് എനിക്കറിയാം നിന്റെ സൂത്ര മൊന്നും എന്റടുത്തു വേണ്ട. ദേഷ്യം വന്ന പരുന്തമ്മ കോഴിക്കു ഞ്ഞുങ്ങളെ റാഞ്ചി കൊത്തി പറിച്ചു തിന്നു. പാവം കോഴിയമ്മ പൊൻസൂചി തപ്പിത്തുടങ്ങി. എവിടെ കിട്ടാൻ,

കൂട്ടുകാരെ, എന്നെങ്കിലും പൊൻസൂചി കിട്ടുമെന്ന പ്രതീക്ഷ യോടെ കോഴിയമ്മ ഇന്നും മണ്ണിൽ ചിക്കിചികയുന്നത് നിങ്ങൾ കാണാറില്ലേ. എന്നാൽ ദേഷ്യം തീരാത്ത പരുന്തമ്മയോ ഇന്നും എവിടെ വച്ച് കോഴിക്കുഞ്ഞുങ്ങളെ കണ്ടാലും റാഞ്ചി കൊത്തി പറിച്ചു തിന്നും. കൂട്ടില്ലാത്ത പാവം കോഴിയമ്മ ഇന്നും പൊൻസൂചി തിരഞ്ഞുകൊണ്ടിരിക്കുന്നു. ഇതിൽ നിന്നും എന്താണ് നിങ്ങൾക്ക് മനസ്സിലായത്.

‘‘ സ്വന്തം സുഹൃത്തിനെ വിശ്വസിക്കാതിരുന്നാൽ നമ്മൾക്കും ഇതുപോലുള്ള അബദ്ധങ്ങൾ വരും’’

ഹരിത ബൈജു, VIII G

# കാക്കയുടെ കുതന്ത്രം

പണ്ട് ഒരു കാട്ടിൽ കോഴിയും, മുയലും, എലിയും താമസിച്ചിരുന്നു. അവർ ഉറ്റ ചങ്ങാതികളായിരുന്നു. അവർ ഒരു കുടിലിലായിരുന്നു താമസിച്ചിരുന്നത്. വീട്ടിലെ ജോലികൾ അവർ മൂന്നായി ഭാഗിച്ചിരുന്നു. കോഴിക്ക് പുഴയിൽ നിന്ന് വെള്ളം കോരലും. എലിക്ക് വിറക് കാട്ടിൽ നിന്ന് ശേഖരിക്കലും, മുയലിന് കഞ്ഞിവെക്കലും ആയിരുന്നു അവരുടെ പ്രധാന ജോലികൾ. അങ്ങനെ ഒരു ദിവസം കോഴി പുഴയിൽ വെള്ളം കോരാൻ പോയപ്പോൾ ഒരു രക്ഷകനായ കാക്കയെ കണ്ടു. ഇവരുടെ സൗഹൃദം കണ്ട് അസൂയ തോന്നിയ കാക്ക അവരെ തമ്മിൽ തെറ്റിക്കാനായി കോഴിയോട് ഇങ്ങനെ പറഞ്ഞു. എയ്! മണ്ടനായ കോഴി നിന്നെ വെള്ളം കോരാൻ പറഞ്ഞ് വിട്ടിട്ട് നിന്റെ കൂട്ടുകാർ വീട്ടിലിരുന്ന് സുഖിക്കുകയാണ്. നീ വെറുതെ കള്ളം പറയുകയല്ലേ. കോഴി ചോദിച്ചു. അല്ല നിനക്ക് വിശ്വാസമായില്ലെങ്കിൽ നീ കുടിലിൽ ചെന്ന് നോക്ക്. കാക്ക പറഞ്ഞു. കാക്കയുടെ വാക്ക് വിശ്വസിച്ച കോഴി പോയി. കുടിലിൽ മുയലും എലിയും അവരുടെ ജോലികൾ കഴിഞ്ഞ് വിശ്രമിക്കുകയായിരുന്നു. ഇത് കണ്ട കോഴി ബഹളമുണ്ടാക്കി. കോഴിയുടെ ബഹളം കേട്ട് മുയലും എലിയും ഒരു തീരുമാനമെടുത്തു. നമ്മുടെ ജോലികൾ പരസ്പരം മാറാം എന്ന്. അങ്ങനെ പിറ്റേ ദിവസം കോഴി വിറക് ശേഖരിക്കാനും മുയൽ വെള്ളം കോരാനും എലിക്ക് കഞ്ഞിവെക്കലുമായി ജോലി. വിറക് ശേഖരിക്കാൻ പോയ കോഴി വിറക് മേത്ത് വീണ് മരിച്ചു. വെള്ളം കോരാൻ പോയ മുയൽ പുഴയിൽ വീണ് മരിച്ചു. കഞ്ഞിവെച്ചോണ്ടിരുന്ന എലി തിളച്ച കഞ്ഞിയിൽ വീണു മരിച്ചു. ഈ കാഴ്ചകണ്ട കാക്ക

ഇങ്ങനെ പറഞ്ഞു. താൻ കുഴിച്ചകുഴിയിൽ താൻ തന്നെ വീണു ഒപ്പം സുഹൃത്തുക്കളും

അഗ്രജാമോൾ എസ്

IX:F

# പഴഞ്ചൊല്ലുകൾ

അല്പജ്ഞാനം ആപത്ത്

അഴകുള്ള ചക്കയിൽ ചുളയില്ല

അത്താഴമുണ്ടാൽ അരക്കാതം നടക്കണം

അടിതെറ്റിയാൽ ആനയും വീഴും

അങ്ങാടിയിൽ തോറ്റതിന് അമ്മയോട്

അത്താഴം അത്തിപ്പഴത്തോളം

അപ്പംതിന്നാൽ മതി കുഴിയെണ്ണേണ്ട

അന്തിക്കുവന്ന മഴയും അതിഥിയും അന്നുപോവില്ല

ആഴമുള്ള വെള്ളത്തിൽ ഓളമില്ല

ആനകൊടുത്താലും ആശകൊടുക്കരുത്

ആറിയ കഞ്ഞി, പഴങ്കഞ്ഞി

അരികത്തുള്ളതിലാശയില്ല

ഇരിക്കുംമുമ്പ് കാലൂനീട്ടരുത്

ആരോഗ്യം കുറഞ്ഞാൽ അനുരാഗം കുറയും

ഇരുചെവിയറിയാതെ ഉപകാരം ചെയ്യണം

ഇരിക്കാനിടം കിട്ടിയാൽ കിടക്കരുത്

ഇക്കരെനിന്നാൽ അക്കരെപ്പച്ച

ഇരുന്നുണ്ടാൽ കുന്നും തുലയും

ഇല്ലം പൊരിച്ച് ചാത്തം ഊട്ടരുത്

ഉരുളുന്ന കല്ലിൽ പായൽ പിടിക്കില്ല

എലിയെ പേടിച്ച് ഇല്ലം ചുടരുത്

എന്നും വിരുന്ന് നന്നല്ല

ഊഹാപോഹം പരത്തിപ്പറയരുത്

എടുക്കുന്നത് ഭിക്ഷ, കയറുന്നത് പല്ലക്ക്

എല്ലാ പുളിയും ഒരിക്കൽ പൂക്കും

എണ്ണയിൽ സോപ്പ് പതയില്ല

എരിതീയിൽ എണ്ണ ഒഴിക്കരുത്

എക്കാലവും ദുഷ്ടകാലമല്ല

എടുത്തിട്ടാലും പൂച്ച നാലുകാലിൽ

ഐക്യമത്യം മഹാബലം

ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം

ഒത്തുപിടിച്ചാൽ മലയും പോരും

ഒന്നിൽ പിഴച്ചാൽ മൂന്ന്

ഒരിക്കൽ നഷ്ടപ്പെട്ട സമയം തിരിച്ചുവരില്ല

ഒഴുക്കുനീറ്റിൽ അഴുക്കില്ല

ഒന്നേ ഉള്ളെങ്കിലും ഉലക്കകൊണ്ടടിക്കണം

അനശ്വര എം

IX.D

# ENGLISH - THE GLOBAL LANGUAGE

Now, english is not just a foreign language. It's accepted by the whole world and has become a world language. If we know English well, that is very beneficial for us in many ways. As we know these are a wide varities of language through out the world. It becomes very difficult for us to communicate with each other. So it's very important to have a common language. And English is one such language.

Once a famous person had told, "you speak English automatically when your speech is effortless. You speak fluent English when the words come out of your mouth-without translation and with out hesitation."Speaking english is not such an easy last like 'closing out eyes'. It need great effort, enthusiasm and Practice. We should learn good English. Reading, writing and speaking are the different ways to learn English. Our pronunciation should be accurate.

Learning English is a slow process. We have to work patiently for long time. Listening to news, watching good english movies are the effective ways to learn good English. If we can speak English well, it will be agreat advantage. It will make us more confident, so that it will automatically improve our Social Status.

Jesna Jawahar, X.F

# കടങ്കഥകൾ

1. അടുപ്പിൻ തിണ്ണേലമ്മായിയമ്മ – പൂച്ച
2. അടിയിലും മുകളിലും തട്ടിട്ടിരിക്കുന്ന കുഞ്ഞനാശാരിയുടെ പേരുപറ – ആമ
3. അങ്ങോട്ടും ഇങ്ങോട്ടും സംബന്ധം,വീട്ടമ്മയ്ക്ക് നിർബന്ധം – വാതിലിന്റെ സാക്ഷ
4. അങ്ങോട്ടോടും ഇങ്ങോട്ടോടും നേരെനിന്ന് സത്യം പറയും – ത്രാസ്
5. അകത്തുരോമം പുറത്തിറച്ചി – മൂക്ക്
6. അകത്തറുത്താൽ പുറത്തറിയാം – ചക്ക
7. ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ് – ചൂല്
8. ആയിരം കിളികൾക്ക് ഒരു കൊക്ക് – വാഴക്കുല
9. ആയിരം കണ്ണുള്ളവൻ ചന്തക്കു പോയി – വല
10. ഇല്ലത്തമ്മ കുളിച്ചു വരുമ്പോൾ പാമ്പുകളൊത്തിരി പിന്നാലെ – തലമുടി
11. ആയിരം ഞൊറിയിട്ടിട്ടും ഉടുക്കാനാകാത്ത സാരി – കടൽ
12. ഇല്ലിമേലായിരം പല്ലിമുട്ട – നെല്ലിക്ക
13. ഇട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട – കടുക്
14. ഇലപായപോലെ തടിതൂണുപോലെ – വാഴ
15. ഉരുട്ടാം പിരട്ടാം എടുക്കാൻ വയ്യ – കണ്ണ്
16. എത്ര തല്ലിയാലും ഒരിറ്റു കണ്ണീർ വരില്ല – ചെണ്ട
17. ഒരമ്മപെറ്റതെല്ലാം തൊപ്പിക്കാര് – പാക്ക്
18. കണ്ണുണ്ട് കാണില്ല – കുന്നിക്കുരു

19. കാട്ടിലെ കരിക്കട്ട വീട്ടിലെ കണക്കപിള്ള – നാഴി

20. കാട്ടു പുല്ല് വീട്ടുസഭയിൽ – പായ്

21. ചുവന്ന സുന്ദരി കുളിച്ചാൽ കറുത്തുപോകും – തീക്കട്ട

22. ചെറിയ ബലൂണിൽ നിറയെ ചെറിയരി – വഴുതനങ്ങ

23. പച്ചയ്ക്കെരിയും വെന്താൽ മധുരം– ഉള്ളി

24. ചെപ്പുനിറച്ച് പച്ചയിറച്ചി – കക്ക

25. പച്ചയ്ക്കൊരുകെട്ട് ചൂട്ടാൽ ഒരു കൊട്ട – പപ്പടം

അനശ്വര എം

**IX.D**

# കുഞ്ഞിക്കുരുവിയുടെ നന്മ

പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു കുഞ്ഞിക്കുരുവി താമസിച്ചിരുന്നു.അത് അങ്ങനെ ആടിപ്പാടി നടന്നിരുന്നു.എല്ലാദിവസവും വിണ്ണിൽ ഉള്ള ജീവജാലങ്ങൾക്ക് കൊടുക്കാൻ പറ്റുന്നത് തന്റെ മധുരമായ ഗാനമാണ് എന്ന് കുരുവി വിശ്വസിച്ച് വളരെ നിഷ്കളങ്കമായി കുരുവി ജീവിച്ചു.ഒരു ദിവസം തീറ്റയും അന്വേഷിച്ചു ഗ്രാമത്തിലൂടെ പറന്നു നടക്കുകയായിരുന്നു. അപ്പോൾ ഒരു മരത്തിൽ നിറയെ പഴുത്തുതുടുത്ത മാമ്പഴങ്ങൾ തൂങ്ങി കിടക്കുന്നത് കണ്ടിട്ട് അത് ആ മരത്തിലേക്ക് പറന്നുചെന്ന് ഒരു ചില്ലയിൽ ഇരുന്നു ഭക്ഷിക്കുകയായിരുന്നു.അപ്പോൾ കുരുവി ഒരു കാഴ്ച കണ്ടു.ഒരു പക്ഷി അതിനു ചുറ്റും ഒരാൾക്കൂട്ടം.കുരുവി വളരെ ഭയക്രാന്തയായി അങ്ങോട്ട് പറന്നു ചെന്നു.അപ്പോൾ ഒരു വിഭാഗം മനുഷ്യർ പറയുന്നു.ഈ പക്ഷി ഞങ്ങളുടെതാണ്.വേറൊരു വിഭാഗം മനുഷ്യർ പറയുന്നു പക്ഷിയെ നിങ്ങൾക്ക് ആദ്യം കാണിച്ചുതന്നതും പിടിക്കാൻ പറഞ്ഞതും ഞങ്ങളാണ്.ഇതിനെ തുടർന്നു കലഹിച്ചുകൊണ്ടിരുന്ന മനുഷ്യർക്കിടയിൽ ആ കുരുവി പറന്നുചെന്നു.എന്നിട്ടു പറഞ്ഞു.‘‘ നോക്കു......... ഈ ലോകത്തിലെ എല്ലാ ജീവജാലങ്ങളെയും സൃഷ്ടിച്ചവനാണ് നമ്മെ കൊല്ലാനുള്ള അവകാശം. ഈ ലോകം മനുഷ്യരുടെ മാത്രമല്ല.ഈ ലോകത്തിലെ എല്ലാ ജീലജാലങ്ങൾക്കും ജീവിക്കാനുള്ള അവകാശമുണ്ട്.അത് മനുഷ്യൻ പണത്തിനും,ചൂഷണത്തിനും വേണ്ടി ഒരു ജീവൻ പോലും എടുക്കാനുള്ള അവകാശമില്ല ഇത് നിങ്ങൾ മനസ്സിലാക്കി

**ആ പക്ഷിയെ വെറുതെ വിടുക.കുരുവിയുടെ പറച്ചിൽകേട്ട് മനുഷ്യരുടെ ബോധം തെളിഞ്ഞു.അങ്ങനെ ആ പക്ഷിയെ അവർ വെറുതെ വിട്ടു.അങ്ങനെ ആ ഗ്രാമത്തിലെ എല്ലാ ജീവികളേയും മനുഷ്യർക്ക് അനുകമ്പയോടെയും വളരെ സ്നേഹത്തോടെയും കാണാൻ തുടങ്ങി.അങ്ങനെ അവർ സൗഹ്യദത്തിലായി പിന്നെ സ്വരുമയോടെ ജീവിച്ചു.**

**അനുപശ്രീ ബി.എ**

**IX F**

# മനസ്സിലെ നന്മ നിറഞ്ഞ വേരുകൾ

ഒരിടത്ത് ഒരു ഭാര്യയും ഭർത്താവും കേരളത്തിൽ കോഴിക്കോട് ജില്ലയിലായിരുന്നു അവരുടെ താമസം. വിവാഹം കഴിഞ്ഞ് 3 വർഷം കഴിഞ്ഞിട്ടും അവർക്ക് കുട്ടികൾ ഉണ്ടായില്ല.പിന്നീട് ദൈവം തന്ന നിധി പോലെ അവർക്ക് ഒരു ആൺക്കുട്ടി പിറന്നു.രണ്ട് പേരും അവനു വാരിക്കോരി സ്നേഹം കൊടുത്തു. അങ്ങനെയിരിക്കെ ഒരു ദിവസം മുറ്റത്ത് കളിക്കുകയായിരുന്ന അവനെ തേടിയൊരു വിധി വന്നു.അന്യ നാട്ടിൽ നിന്ന് വന്ന സർക്കസുകാരൻ അവനെ പിടിച്ചു കൊണ്ടു പോയി.വന്നപ്പോഴെ തന്നെയെന്തോ മണുപ്പിച്ച കാരണം ഒച്ച വയ്ക്കാൻ സാധിച്ചില്ല.അവൻ കണ്ണു തുറന്നപ്പോൾ മറ്റേതോയിടത്തായിരുന്നു. അമ്മേ...............അമ്മേ..................അമ്മേ.............എന്ന് അവൻ ഉറക്കെക്കരയാൻ തുടങ്ങി.ഒരു ഇരുട്ട് മുറിയായിരുന്നു അത്. അവന്റെ ശബ്ദം കേട്ട് പുറത്തു നിന്നും ഒരാൾ ഓടിവന്നു.അയാൾ തെരുവിൽ കുട്ടികളെ കൊണ്ട് സർക്കസ് ചെയ്യിപ്പിച്ച് കാശ് വാങ്ങുന്നതും പിന്നീട് അവരെയിട്ട് ഉപദ്രവിക്കുന്നതും അവൻ കണ്ടിട്ടുണ്ട്.അതിനുവേണ്ടി തന്നെയാണ് തന്നെയും ഇവിടെ കൊണ്ടു വന്നിരിക്കുന്നതെന്ന് അവനു മനസ്സിലായി.അയാൾ കുട്ടിയുടെ അടുക്കൽ വന്ന് നിന്നിട്ട് ഇനിമുതൽ ഇതാണ് നിന്റെ വീട് എന്നും ഇനി മുതൽ നിനക്ക് അച്ഛനോ അമ്മയോ ഇല്ലെന്നും പറഞ്ഞ് അവൻ ഒച്ചയുണ്ടാക്കിയെങ്കിലും അയാൾ അത് കാര്യമാക്കിയില്ല.പിന്നീട് എല്ലാവരെയും പോലെ കാശിനുവേണ്ടി അവനെയും ഉപയോഗിച്ചു.പത്തിലേറെ കുട്ടികൾ അയാളുടെ പക്കലുണ്ടായിരുന്നു.അവരെയും അവനെപ്പോലെ പിടിച്ചു കൊണ്ടു വന്നതാണ്.ഉള്ളതിൽ പ്രായം കുറവ് എനിക്കാണ്.കുട്ടിക

ളെ ഒന്നായി അയാൾ ഉപദ്രവിക്കും, ചട്ടകം പഴുപ്പിച്ച് കൈയ്യിൽ വയ്ക്കും,കെട്ടിയിട്ട് അടിക്കുകയും ചെയ്തിരുന്നു. പിന്നെ അവൻ നന്നായി പാട്ടു പാടുമായിരുന്നു.അതും അയാൾ മുതലെടുത്തു. അവനെ തെരുവിലിറക്കി വയറ്റത്തടിച്ച് പാടിപ്പിച്ചു.അങ്ങനെയും അയാൾ കാശുണ്ടാക്കി.അങ്ങനെ ദിവസേന ഇവന്റെ പാട്ട് കേൾക്കാൻ ആളുകൾ വന്നു തുടങ്ങി.അതിലൊരാളായിരുന്നു പ്രകാശ് എന്നു പേരുള്ള ആ നല്ല മനുഷ്യൻ.അദ്ദേഹത്തിന് ഇവന്റെ പാട്ട് വലിയ ഇഷ്ടമാണ്.അത് കേൾക്കാൻ മറ്റ് പല ആവ ശ്യങ്ങളും മാറ്റി വച്ച് കൊണ്ട് അദ്ദേഹം വന്നിട്ടുണ്ട്.അങ്ങനെയി രിക്കെ ഇവർ തമ്മിൽ നല്ല സൗഹൃദമായി.പ്രകാശിന് കുട്ടികളില്ലാ യിരുന്നു.അതുകൊണ്ട് തന്നെ ഭാര്യയക്കും പ്രകാശിനും കുട്ടി കളെ വലിയ ഇഷ്ടമാണ്.എന്നും വീട്ടിൽ ചെല്ലുമ്പോൾ ആ കുട്ടി യുടെ കാര്യം അയാൾ ഭാര്യയോട് പറയുമായിരുന്നു.അങ്ങനെ ഭാര്യയ്ക്കും ഇവനെ വലിയ ഇഷ്ടമാണ്.അങ്ങനെയിരിക്കെ ഒരു ദിവസം അദ്ദേഹം ബൈക്കിൽ ഈ സർക്കസ് കൂടാരത്തിന് മുൻപിലൂടെ കടന്നു പോയപ്പോൾ അയാൾ ആ കുട്ടികളെയിട്ട് കുറെ ഉപദ്രവിക്കുന്നത് കണ്ടു.അന്ന് അദ്ദേഹം ഉറങ്ങിയില്ല.അന്ന് ഭാര്യയോട് ചോദിച്ചു.അവനെ നമ്മുടെ സ്വന്തം മകനായി ഇവി ടേക്ക് കൂട്ടികൊണ്ടു വരട്ടേ എന്നു. ഭാര്യയ്ക്ക് സമ്മതം എന്നാൽ ആ ദുഷ്ടന്റെ കണ്ണുവെട്ടിച്ച് അവനെ കൂട്ടുക. അങ്ങനെയൊരു രാത്രി എല്ലാവരും ഉറങ്ങിയപ്പോൾ പ്രകാശ് അവിടെ ചെന്ന് ആരും കാണാതെ അവനെ കൊണ്ടുപോന്നു.അവനു അതിനു സമ്മതമായിരുന്നു.പിറ്റേന്ന് ആ കുടുംബം എവിടെ നിന്ന് താമസം മാറ്റി.ആ ദുഷ്ടനെപേടിച്ച്.ഇനിയവൻ ആ കുട്ടിയെ തട്ടിക്കൊണ്ടു പോകുമോ എന്ന ഭയം അവർക്കുണ്ടായിരുന്നു.അവന് വളരെയ ധികം സന്തോഷമായ്.തനിക്ക് സ്വന്തംമെന്ന് പറയാൻ ഒരു അച്ഛ

നെയും അമ്മയെയും കിട്ടിയല്ലോ എന്നോർത്തപ്പോൾ.അവന് 7 വയസ്സാണ് അന്ന്.അവർ രണ്ടു പേരും അവനെ വളരെയധികം സ്നേഹിച്ചു.അവർ അവനെ അവിടെയുള്ള ഇംഗ്ലീഷ് മിഡീയം സ്കൂളിൽ ഒന്നാം ക്ലാസ്സിൽ ചേർത്തു.അവന് പഠിക്കാൻ നല്ല ഉത്സാഹമായിരുന്നു.അതുകൊണ്ട് തന്നെ ക്ലാസ്സിൽ ഫസ്റ്റ് അവനായിരുന്നു. അങ്ങനെ രണ്ട് മൂന്ന് വർഷങ്ങൾ കഴിഞ്ഞു.അവർക്ക് ഒരു കുട്ടിയുണ്ടായി. പിന്നീട് പ്രകാശിന്റെ ഭാര്യയ്ക്ക് അവനോടുള്ള സ്നേഹം ഓരോ ദിവസമായി കുറഞ്ഞുകൊണ്ടിരുന്നു.പിന്നീട് ആ കുട്ടി ഒരു ശല്യമാണെന്ന് അവൾക്ക് തോന്നി തുടങ്ങി.ഇനിയിവനെ ഈ വീട്ടിൽ നിർത്താൻ പറ്റില്ല.നമുക്കൊരു കുട്ടിയുണ്ട്.അവനെ കൊണ്ടു വന്നിടത്തുതന്നെ കൊണ്ട് തിരിച്ചാക്ക്. മനസ്സില്ലാ മനസ്സോടെ പ്രകാശ് അവനെ ഒരു അനാഥാലയത്തിൽ ആക്കി.അച്ഛൻ വൈകുന്നേരം വരാം എന്നു പറഞ്ഞ് അവിടെ നിന്ന് പോയി.എന്നാൽ അവനു അറിയാമായിരുന്നു.അവനെയിവിടെ ഉപേക്ഷിച്ചിട്ടാണ് അച്ഛൻ പോകുന്നതെന്ന്. അമ്മ അച്ഛനോട് സംസാരിക്കുന്നതെല്ലാം അവൻ കേട്ടിരുന്നു. എന്നാലും അവന്റെ മനസ്സിൽ സന്തോഷമുണ്ടായിരുന്നു കുറച്ചു നാളത്തെക്കാണെങ്കിലും തനിക്ക് അച്ഛാ അമ്മേ എന്നു വിളിക്കാൻ പറ്റിയല്ലോ എന്നോർത്ത് അവൻ അവിടെ നിന്ന് പഠിച്ച് വർഷങ്ങൾ കടന്നു പോയി.പ്രകാശനും ഭാര്യയും പ്രായമായി.അവർക്ക് ജനിച്ചതും ഒരു മകനായിരുന്നു.അവൻ അവരെ ഉപേക്ഷിച്ചു.അവരുടെ കാശ്മൊത്തം പിടുങ്ങിയിട്ട് അവരെ വൃദ്ധസദനത്തിലാക്കി. അങ്ങനെയെരിക്കൽ വൃദ്ധസദനത്തിൽ ഡോക്ടർമാരുടെ ഒരു ക്യാമ്പ് എത്തി. അവിടെയുള്ള എല്ലാവരെയും ചികിത്സിക്കാൻ.പ്രകാശന്റെ ഭാര്യയുടെ ഊഴമെത്തി.അവർ ഡോക്ടറെ കണ്ട് കാര്യങ്ങൾ പറഞ്ഞ് മടങ്ങാം നേരം മടിശീലയിൽ നിന്നും ഒരു അമ്പതു

രൂപ എടുത്ത് കൊടുത്തു അപ്പോൾ അദ്ദേഹം പറഞ്ഞു‘‘ വേണ്ടമ്മേ എനിക്കീ കാശ് അന്ന് എന്നെ പഠിപ്പിച്ച് വലുതാക്കി തെരുവിലുപേക്ഷിക്കാതെ വിട്ടില്ലേ അതു മതിയെനിക്ക് അതു മാത്രം,അല്ലെങ്കിൽ ഞാൻ ഇന്നീനിലയിലെത്തുമായിരുന്നില്ല’’ ആ അമ്മ പൊട്ടികരഞ്ഞുപോയി.

ഗായത്രി പി

**VIII G**

# എന്റെ അമ്മ

അമ്മയോടൊന്നു ഞാൻ ചൊല്ലി
എന്റെ സ്നേഹത്തിൻ തീരമാണമ്മ
എന്റെ വീട്ടിലെ വിളക്കാണമ്മ
സ്നേഹത്തിൻ വാതിൽ തുറന്നിടുമ്പോൾ
ഐശ്വരത്തിൻ ദീപം തെളിഞ്ഞിടുന്നു
വാത്സല്യത്തിൻ ദേവ ദീപമമ്മ
എൻ അറിവിൻ ഗോപുരമ്മ
അമ്മയല്ലാതൊരു ദൈവമില്ല
എൻ അമ്മയാണെന്റെ ആദ്യദൈവം
അമ്മയുടെ സ്നേഹം ലഭിക്കുമ്പോൾ
ഒരു സൗഭാഗ്യം വന്നപോൽ തോന്നും

കൃഷ്ണപ്രിയ.റ്റി.ബി

9 എഫ്

# ബാലനീതി നിയമം

ഒരു രാഷ്ട്രത്തിന്റെ ഭാവി കുട്ടികളിലാണ്. കുട്ടികളെ സംരക്ഷിക്കാനും അവരുടെ സർവ്വതോന്മുഖമായ വികാസം ഉറപ്പുവരുത്താനുമുള്ള ബാധ്യത സമൂഹത്തിനുണ്ട്. നമ്മുടെ ഭരണഘടനയിലെ അനുഛേദങ്ങൾ കുട്ടികളുടെ കാര്യത്തിനുള്ള ഉത്തരവാദിത്വത്തിന് അടിവരയിടുന്നു. അന്താരാഷ്ട്ര കൺവെൻഷനുകളും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ രാഷ്ട്രങ്ങൾക്ക് ബാധ്യതയുണ്ടെന്ന് പ്രഖ്യാപിച്ചു. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ പാർലമെന്റ് 2000-ൽ ബാലനീതി നിയമം പാസാക്കിയത്. 1986-ലെ ബാലനീതി നിയമത്തെ നാം സമഗ്രമായി പൊളിച്ചെഴുതി. 2015-ൽ ബാലനീതി (ശ്രദ്ധയും പരിചരണവും) നിയമം നിലവിൽ വന്നു. ബാലനീതി ബോർഡുകൾ സ്ഥാപിക്കാനും വഴിതെറ്റിപ്പോകുന്ന കുട്ടികൾക്കായി നിരീക്ഷണ നിലയങ്ങൾ സ്ഥാപിക്കാനും ബാലക്ഷേമ സമിതികൾ രൂപവൽക്കരിക്കാനും നിയമം വ്യവസ്ഥ ചെയ്യുന്നു. കുട്ടികൾ കുറ്റം ചെയ്താൽ അവരെ സാധാരണ പോലീസ് അറസ്റ്റ് ചെയ്ത് സാധാരണ കോടതിയിൽ വിചാരണ ചെയ്തുകൂടാ. അവർക്കുവേണ്ടി പ്രത്യേകം പോലീസ് ഉണ്ടായിരിക്കണം. അവരെ വിചാരണ ചെയ്യേണ്ടത് ബാലനീതി ബോർഡാണ്. അവരെ നിയമം കുട്ടികുറ്റവാളികൾ എന്നു പോലുമല്ല വിശേഷിപ്പിക്കുന്നത്. നിയമവുമായി സംഘർഷത്തിലുള്ള കുട്ടി എന്നു മാത്രമാണ്. അറസ്റ്റ് ചെയ്യപ്പെട്ടാൽ അതെത്ര വലിയ കുറ്റമായാലും കുട്ടികൾ ജാമ്യത്തിനർഹരാണ്. ആ വിവരം രക്ഷിതാക്കളെ അറിയിക്കണം. കൗൺസിലിംഗ്, സാമൂഹികസേവനം, നല്ലനടപ്പ്, പ്രത്യേക ഭവനത്തിലെ താമസം, സുരക്ഷിതമായിടത്ത് പാർപ്പിക്കൽ തുടങ്ങിയവയ്ക്ക് ഉത്തരവിട്ടുകൊണ്ടാണ് വഴിതെറ്റുന്ന കുട്ടികളെ കൈകാര്യം ചെയ്യേണ്ടത്. 2015 ലെ നിയമപ്രകാരം കടുത്ത കുറ്റകൃത്യത്തിലേർപ്പെടുന്ന 16-18

വയസ്സുള്ള കുട്ടികളെ മുതിർന്നവരായികണക്കാക്കി വിചാരണ നടത്തുന്നതാണ്. കുറ്റം ചെയ്തതോ പീഡനത്തിന് ഇരയായതോ ആയ കുട്ടികളുടെ വിശദാംശംങ്ങൾ പരസ്യപ്പെടുത്തുന്ന മാധ്യമങ്ങൾ കുറ്റം ചെയ്തതായി പരിഗണിക്കപ്പെടും. അതിന് 1000 രൂപ വരെ പിഴശിക്ഷയാകാം എന്നു നിയമം പറയുന്നു. കുട്ടികളോട് ക്രൂരതകാണിക്കുന്നതിനെതിരെ അവരെ സംരക്ഷിക്കാതിരിക്കുന്നതിനും യാചകവൃത്തിക്കു ഉപയോഗിക്കുന്നതിനെതിരെയും, മയക്കുമരുന്നു നൽകുന്നതിന് എതിരെയും, അവരെകൊണ്ട് ജോലി ചെയ്യിക്കുന്നതിനെതിരെയും നിയമത്തിൽ വ്യവസ്ഥകളുണ്ട്. ദത്തെടുക്കൽ പ്രക്രിയ സുഗമമാക്കാൻ സെൻട്രൽ അഡോപ്ക്ഷൻ റിസോർസ് ഏജൻസിക്ക് പ്രത്യേക അധികാരങ്ങൾ നൽകിയിട്ടുണ്ട്.

വിൻസി ടീച്ചർ

സോഷ്യൽ സയൻസ്

# സ്നേഹസ്പർശം

സ്നേഹത്തിൻ പൂത്താലി ഞാനിട്ടനേരം
ചേച്ചിതൻ പുഞ്ചിരി പൊട്ടിവിരിഞ്ഞു
ചാഞ്ചാടി ആടീ ചേച്ചിതൻ മടിയിൽ
കിടന്നുറങ്ങിയ കാലമേപോയി
ഞാനൊന്നു കരഞ്ഞപ്പോൾ ചേച്ചിയും കരഞ്ഞു
ഞാനൊന്നു ചിരിച്ചപ്പോൾ ചേച്ചിയും ചിരിച്ചു
സ്നേഹത്തിൻ നിറകുടമാണെന്റെ ചേച്ചി
ചേച്ചിയില്ലാതെയോ ഞാനുമില്ല
നന്മയായ് സ്നേഹമായ് വീഴും മലർമൊട്ടും
പുഞ്ചിരയോടെന്നെ നോക്കുമ്പോഴും
ചേച്ചിയെയാണെനിക്കേറെയിഷ്ടം
ചേച്ചിയില്ലാതെമാറ്റൊന്നുമില്ല
പൂവുതൻ തേനിലായ് നിൻമുഖം തേടുന്നു
ചാരെ നീ വന്നാലോ ചഞ്ചലമായ് മനം
സൂര്യനെ പോലെ നീ അകന്നുപോയില്ലെ
സ്നേഹക്കടലാമെൻ പ്രിയമേനീ

അഭിരാമി.പി.എൽ
9 ഡി

# സോദരാനിനക്കായ്

കാടിന്റെ മാറിൽ വളർന്ന പുത്രൻ
നാടിന്റെ നടുവിൽ തളർന്ന ജീവൻ
നന്മയാം വൃക്ഷത്തെ വളർത്തിവന്നു
ചില്ലയിൽ ചേക്കേറിയൊരാ ചുകന്ന പക്ഷി
വൃക്ഷമാപക്ഷിയെ കാത്തുവന്നു
പക്ഷി തൻ ചുണ്ടിലെ ചായത്തിനായിതാ
അവൻ ചങ്കിലെ ചായം പകർന്നുനൽകി
തിന്മയാം അഗ്നി തൻ വരണ്ടവായിൽ
നിലതെറ്റി വിണോരാരുമപുത്രൻ
എന്തിനു നീയാ ചുകന്ന പക്ഷിയെ നെഞ്ചിലേറ്റി?
എന്തിനതിനു നിൻ ചങ്കിലെ ചൂടു നൽകി?
ഒടുവിൽ നാടിന്റെ വിടവിൽ നീ ഓർമ്മയായി
സോദരാ നിനക്കായി പൂക്കുമാ ചില്ലകൾ
താനെ തുറക്കുമാ വാതിലുകൾ
പോരാടുമീ കുഞ്ഞു കൈകരങ്ങൾ..........

കീർത്തന ജെ

9 ജി

# കരയുന്ന കേരളം

പുഞ്ചിരി തൂകും കേരളമേ നീ......

ഇന്നു നീ പുഞ്ചിരി തൂകാത്തതെന്തേ...

നിൻ മിഴിക്കോണിലെ കണ്ണീർതുള്ളികൾ

എന്തിനു നീ ഇന്ന് വീഴ്ത്തുന്നത്

മനുഷ്യൻമാരുടെ മനസ്സിൽ

നീ ഇന്ന്

പേടിപ്പെടുത്തുന്ന സ്വപ്നം മാത്രം

ജീവജാലങ്ങൾക്കും എന്തിനു നീ ഇന്ന്

കാർമേഘം പോലെ നീ കണ്ണീർ തന്നും

മാനുഷ്യർ എല്ലാരും

നിന്നുടെ ക്രൂരകൃത്യങ്ങൾ കൊണ്ട്

മനസ്സ് ഭയമാൽ തോറ്റിരിക്കുന്നു

വീഴുന്ന മഴയല്ല കണ്ണീർത്തുള്ളികൾ മാത്രം

നിൻ ശൗര്യ കാന്തികൾ കാണ്ടാമൃഗത്തെപ്പോൽ

നാടാകെ ക്രൂരതചെയ്യുന്നത്

എന്തിനു നീ ഇന്ന് വിളക്കാം ജീവനെ

നിൻ കണ്ണീർ കൊണ്ടുനീ കെട്ടണച്ചു

വീടുകൾ വൃക്ഷങ്ങൾ നിന്നുടെ

സൗന്ദര്യം പാടിപ്പുകഴ്ത്തുന്ന പക്ഷികളും

നിന്നുടെ കണ്ണുകളാം തീക്കനൽകൊണ്ട്

കത്തിച്ചു ജീവനൊടുക്കിയില്ലെ

എന്തിനീ പ്രകൃതിയിൽ നാശം വരുത്തിയ

തീവ്രത എന്തിനീ കണ്ണുകളിൽ

എന്തിന് ഭയമെഴും ജീവൻതുടിക്കുന്ന

ഭയമാം പ്രളയത്തെ നീ എടുത്തു

അഭിരാമി.പി.എൽ, 9 ഡി

# ജീവിത കഥ

രക്തപുഷ്പങ്ങളായി  അടർന്നുവീഴുന്നിതാ
പ്രകൃതിതൻ പുസ്തകതാളിൽ ഒരോർമ്മയായി
കഥയല്ല ഇത് ജീവിതം തന്നെ
ചുട്ടുപൊള്ളുന്ന സത്യമാണ്
വിശ്വസിക്കും നിങ്ങൾ വിശ്വസിക്കും
നാടിന്റെ നാശനഷ്ടങ്ങളും

കഴിഞ്ഞനാൾ നമ്മൾ അനുഭവിച്ച മഹാസത്യമാണ്
നാടിനെ കണ്ണീരാഴ്ത്തിയ മഹാ പ്രളയമാണ്
പേമാരിതൻ മഹാ താണ്ഡവങ്ങൾ പിന്നെ
ഉരുൾപൊട്ടലിൻ ഘോരശബ്ദങ്ങളും
ജലാശയങ്ങൾ കരകവിയുന്നിതാ
മഹാതനിമയാർന്ന കേരളത്തിൽ

കലിതുള്ളിയാടുന്ന കാലവർഷം
പച്ചപട്ടുടുത്ത  കേരളനാട്ടിൽ
ദുരന്തംകരേറി മഹാദുരന്തംകരേറി
മനുഷ്യന്മാരുടെ നിലവിളിശബ്ദങ്ങൾ
പക്ഷിമൃഗാതിതൻ ഗാഢശബ്ദങ്ങൾ
ദശലക്ഷം പേരുടെ ജീവനെടുത്തു
പിന്നെ തങ്ങൾ കൂരകൾ മണ്ണിലാക്കി
രക്തദാഹിയായി അലയുന്ന കേരളത്തിൽ

എന്നാൽ നാം പ്രകൃതിതൻ മക്കൾ
കേരളനാടിന്റെ സ്വത്തായമക്കൾ
ഓർക്കുന്നു തങ്ങൾ ഓർക്കുന്നു
അമ്മയോടു ചെയ്ത ദുഷ്പ്രവർത്തികൾ
കുത്തിനോവിച്ചു പിന്നെ അമ്മതൻ
മാറത്ത് മുറിവ്പറ്റിച്ചു

ഉണക്കുവാൻ പറ്റാത്ത മുറിവുപറ്റിച്ചു
ഞങ്ങൾതൻ ഉത്തരവാദികൾ
നാടിനെ കണ്ണീരിലാഴ്ത്തിയ
പ്രളയത്തിൻ ഉത്തരവാദി
ഓർക്കും തങ്ങൾ മലയാളിതൻ
മക്കൾ ഓർക്കും ഞങ്ങളുടെ
ജീവൻ മായുന്നതുവരെ
കാരണം ഇത് ഞങ്ങൾതൻ
ജീവിതകഥയാണ്.

സംഗീത സി.എസ്
9 എ





# LITTLE KITES MEMBERS

# 2018-19

THANKS